**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2516 — 18.07.2011- ൽ മറുപടിക്ക്

**ഫാക്ടംഫോസിന് കൃത്രിമ ക്ഷാമം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. കൃഷ്ണൻ :<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ :<br>ശ്രീ. ബി.ഡി. ദേവസ്സി : | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ഫാക്ടം ഫോസിന് കൃത്രിമക്ഷാമം സൃഷ്ടിച്ച് കർഷകരെ ദുരിതത്തിലാഴ്ത്തുന്നതായി പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) സംസ്ഥാനത്ത് ഫാക്ടംഫോസിന് കൃത്രിമ ക്ഷാമം നിലവിലില്ല. ജൂൺ മാസത്തിൽ ഫാക്ടിന്റെ ഉൽപ്പാദനത്തിന് വന്ന കുറവ് കൊണ്ടാണ് ഫാക്ടംഫോസിന് ക്ഷാമം ഉണ്ടായത്. |
| ബി) സംസ്ഥാനത്തെ കർഷകർക്കും വിതരണക്കാർക്കും നൽകേണ്ട ഫാക്ടം ഫോസ് മറ്റ് സംസ്ഥാനത്തേക്ക് കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (സി) ബാധകമല്ല |
| ഡി) സംസ്ഥാനത്തെ വിതരണക്കാർക്ക് എത്ര ടൺ ഫാക്ടംഫോസാണ് നൽകേണ്ടതെന്നും ഇപ്പോൾ അത് എത്രയാണ് നൽകുന്നതെന്നും അറിയാമോ ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ? | (ഡി) ജൂൺ മാസത്തിൽ ഫാക്ട്, ഫാക്ട് ഉദ്യോഗ് എന്നിവ വഴി സംസ്ഥാനത്ത് 17000 ടൺ ഫാക്ടംഫോസ് വിതരണം നടക്കേണ്ടിയിരുന്നെങ്കിലും ഫാക്ടിന്റെ ഉൽപ്പാദനക്കുറവ് കാരണം 14,400 ടൺ മാത്രമേ വിതരണം നടത്താൻ സാധിച്ചുള്ളൂ. ജൂലൈ മാസത്തിൽ 15000 ടൺ ഫാക്ടംഫോസ് സംസ്ഥാനത്ത് വിതരണം നടത്തേണ്ടതിൽ 6278 ടൺ ന്റെ വിതരണം നടന്നുകഴിഞ്ഞു. ബാക്കി ഉടനെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ